പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034

Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

20.05.2022

# കുട്ടികളുടെ സാന്നിധ്യത്തിൽ അറസ്റ്റ്: കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലാകരുത്

**-ബാലാവകാശ കമ്മീഷൻ**

കാസർഗോഡ്: കുട്ടികളുടെ സാന്നിധ്യത്തിൽ പൊതു സ്ഥലത്ത് വെച്ച് അറസ്റ്റ് ചെയ്യുമ്പോൾ അത് കുട്ടികൾക്ക് യാതൊരു തരത്തിലും ബുദ്ധിമുട്ടുണ്ടാകുന്ന വിധത്തിലാകരുതെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇത് സംബന്ധിച്ച് സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകാൻ കമ്മീഷൻ അംഗം ശ്യാമളാദേവി പുറപ്പെടുവിച്ച ഉത്തരവിൽ  സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

പ്രവാസിയുടെ അറസ്റ്റുമായി ബന്ധപ്പെട്ട് കുട്ടികളെ കാറിലിരുത്തിയ സംഭവം, പോലീസ് ഓഫീസർമാരുടെയും ആദൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെയും വീഴ്ച സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കാനും കമ്മീഷൻ നിർദ്ദേശിച്ചു.

ഒത്തു തീർപ്പാക്കിയ രാഷ്ട്രീയ കേസിൽ കോടതി മറ്റു കൂട്ടുപ്രതികളെയെല്ലാം വെറുതെ വിടുകയും പരാതിക്കാരൻ വിദേശത്തായതിനാൽ കേസ് എൽ.പി.സി ആവുകയുമായിരുന്നു. കുട്ടികളുടെ മുന്നിൽ വെച്ചുള്ള അറസ്റ്റ് ഒഴിവാക്കേണ്ടതായിരുന്നു. കുട്ടികളെ ആദ്യം ബന്ധുക്കളെ ഏൽപ്പിച്ച ശേഷം അറസ്റ്റ് നടത്തിയിരുന്നെങ്കിൽ ഒന്നര മണിക്കൂറോളം പിഞ്ചുകുട്ടികൾ പരിഭ്രാന്തരായി കഴിയുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു എന്നും കമ്മീഷൻ വിലയിരുത്തി.

പ്രവാസിയായ ഹർജിക്കാരൻ ഉൾപ്പെട്ട കേസിൽ മറ്റെല്ലാവരും ഹാജരാകുകയും അവരെ കോടതി വെറുതെ വിടുകയും ചെയ്തു. തന്റെ പേരിലുള്ള കേസ് വിവരം 2021 മാർച്ച് 21ന് പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ മാത്രമാണ് അറിഞ്ഞത്. അറസ്റ്റ് ചെയ്യുന്ന സമയം തന്റെ 5 വയസ്സുള്ള കുട്ടിയും 6 വയസ്സുള്ള ജ്യേഷ്ഠന്റെ കുട്ടിയും കാറിലുണ്ടായിരുന്നു. അവർ പൊരിവെയിലത്ത് മണിക്കൂറുകളോളം കാറിൽ ഇരിക്കേണ്ടിവന്നു. കുട്ടികളോട് ക്രൂരത കാട്ടിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ പരാതിയിന്മേലാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

പബ്ളിക് റിലേഷൻസ് ഓഫീസർ